"ഭരണഭാഷ-മാതൃഭാഷ"

എ).4-22784/17.

തീയതി : 09.07.2018

## ക്വട്ടേഷൻ നോട്ടീസ്

കൊല്ലം ജില്ലയിലെ വിവിധ സർക്കാർ വകുപ്പുകളിലെ ക്ലാസ്സ് III മുതൽ മുകളിലോട്ടുള്ള ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകുന്നതിന്റെ ഭാഗമായി ഓരോ ജീവനക്കാരനും 5 ദിവസത്തെ മലയാളം യൂണികോഡ് ടൈപ്പിംഗ് പരിശീലനം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ രീതിയിൽ കാര്യക്ഷമമായി മലയാളം യൂണികോഡ് പരിശീലനം നൽകുവാൻ കഴിവുള്ളതും സർക്കാർ അംഗീകാരമുള്ളതുമായ കമ്പ്യൂട്ടർ പരിശീലന ഏജൻസികളിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും 08.08.2018 3 മണിയ്ക്ക്

വ്യവസ്ഥകൾ

1. ഏജൻസികൾ ഏറ്റവും കുറഞ്ഞത് 40 ജീവനക്കാർക്ക്ഒരേ സമയം പരിശീലനം നൽകുന്നതിന് ആവശ്യമായ കമ്പ്യൂട്ടറുകളും പ്രൊജക്ടർ മറ്റ് സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.
2. ടെൻഡറിനോടൊപ്പം പരിശീലന മൊഡ്യൂൾ, ഒരു ജീവനക്കാരന്റെ 5 ദിവസത്തെ പരിശീലനത്തിനും ഭക്ഷണത്തിനുമായി ചെലവാകുന്ന തുക എന്നിവ ലഭ്യമാക്കേണ്ടതാണ്.
3. ടി പരിശീലനം ഉബുണ്ടു ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് നൽകേണ്ടത്.
4. ടി പരിശീലനം നൽകി മുൻപരിചയമുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം ക്വട്ടേഷനോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.
5. തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസി താലൂക്ക് അടിസ്ഥാനത്തിൽ ട്രെയിനിംഗ് സെൻററുകൾ സ്ഥാപിക്കേണ്ടതാണ്. ആയതിനാൽ ഓരോ താലുക്ക് അടിസ്ഥാനത്തിലും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്ന കേന്ദ്രത്തിന്റെ വിവരങ്ങൾ ക്വട്ടേഷനോടൊപ്പം നൽകേണ്ടതാണ്.
6. ലഭിക്കുന്ന ക്വട്ടേഷനുകൾ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ അദ്ധ്യക്ഷതയിലുള്ള റീ-ടെൻഡറിംഗ് സംബന്ധിച്ച കമ്മിറ്റി തുറന്ന് പരിശോധിക്കുന്നതാണ്.

7. സമർപ്പിക്കപ്പെടുന്ന ക്വട്ടേഷനുകളിൽ ഏതൊന്നും നിരുപാധികം നിരസിക്കാനുള്ള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിരിക്കും.

ക്വട്ടേഷൻ അംഗീകരിക്കുന്ന പക്ഷം പരിശീലന പരിപാടിയ്ക്ക് തെരഞ്ഞെടുക്കുന്ന സ്ഥാപനമേധാവി ജില്ലാ കളക്ടറുമായി കരാർ പത്രം ഒപ്പിടേണ്ടതും ടി പരിശീനല പരിപാടികൾ പൂർത്തീകരിക്കേണ്ടതുമാണ്. വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കാത്ത പക്ഷം സർക്കാരിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ടി സ്ഥാപന മേധാവി ഉത്തരവാദി ആയിരിക്കുന്നതാണ്.

ഡെപ്യൂട്ടി കളക്ടർ (ജനറൽ)

റ്റി.1- 18.07.2018